ഡി5/578/12

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 03/04/2012

# സർക്കുലർ 4

വിഷയം - പൊ.വി. ജീവനക്കാര്യം-പൊതു.വി.വകുപ്പിലെ സർക്കാർ ഹൈസ്കൂൾ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സമാന തസ്തികയിലുള്ള 2012-13 വർഷത്തെക്കുള്ള പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ-സംബന്ധിച്ച്.

സൂചന -
1. നം.ഡി5/578/12/ഡി.പി.ഐ ആയ 02/02/2012 ലെ സർക്കുലർ നമ്പർ 1 & സർക്കുലർ നമ്പർ 2
2. നം. ഡി5/578/12/ഡി.പി.ഐ ആയ 07/02/2012 ലെ സർക്കുലർ നമ്പർ 3
3. സർക്കാർ ഉത്തരവ് (പി)നം.170/12/ഫിനാൻസ്, തീയതി 22/03/2012.
4. സർക്കാർ ഉത്തരവ് (പി)നം.183/12//ഫിനാൻസ്, തീയതി 26/03/2012.

സൂചന ഒന്നിലെ സർക്കുലറുകൾ പ്രകാരം 2012-13 അദ്ധ്യായന വർഷത്തേക്കുള്ള പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുകയും അവ മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. സൂചന 3 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽ പ്രായം 56 ആക്കി ഉയർത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ 01/04/2012 ൽ ഉണ്ടാകുമായിരുന്ന ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തികകൾ ഇല്ലാതായിരിക്കുകയാണ്. ആയതിനാൽ സർക്കുലർ 1 & 2 പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് സ്ഥലംമാറ്റം നല്കാൻ കഴിയാതെ വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സൂചന 1 & 2 എന്നീ സർക്കുലറുകൾ മുഖാന്തിരം ക്ഷണിച്ച അപേക്ഷകൾ ഇതിനാൽ റദ്ദു ചെയ്തിരിക്കുന്നു.

2012-13 അധ്യായന വർഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കാൻ ആഗ്രഹിക്കുന്ന ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർ എന്നിവരിൽ നിന്നും പുതിയതായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും 02/02/2012 ലെ ഡി5/578/12 ആയ സർക്കുലർ നമ്പർ 1, 2 & 3 ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ തന്നെയായിരിക്കും.

2012-13 അധ്യായന വർഷം, 2012 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ 56 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്ന ഒഴിവുകൾ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. ആയതിനാൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും 2012 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വിരമി

ക്കുന്ന പ്രധാന അധ്യാപകരുടെയും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെയും സമാന തസ്തികയിൽ ജോലി ചെയ്യുന്നവരുടെയും ഒഴിവുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

സ്ഥലംമാറ്റം സംബന്ധിച്ച് പുതുക്കിയ സമയക്രമം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | ഓരോ ജില്ലയിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് (2012 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വിരമിക്കുന്നവരുടേത്) | 10/04/2012 |
| 2 | അപേക്ഷ സ്വീകരിക്കുന്ന തീയതി | 16/04/2012 മുതൽ 21/04/2012 വരെ |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ അപേക്ഷ പരിശോധിക്കുന്നതിനനുവദിച്ച സമയം ( പരിഗണനാർഹമായ അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. പരിഗണനാർഹമല്ലാത്ത അപേക്ഷകളുണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ്) | 23/04/2012 മുതൽ 26/04/2012 വരെ |
| 4 | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 30/04/2012 |
| 5 | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം | 07/05/2012 |
| 6 | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 10/05/2012 |

ഒപ്പ്
*എ ഷാജഹാൻ ഐ എ എസ്*
*പൊതു വിദ്യാഭ്യാസ ഡയറക്ടർ*

*// അംഗീകാരത്തോടെ//*

*സൂപ്രണ്ട്*

പകർപ്പ്

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2. എക്സിക്യൂട്ടീവ് ഡയറക്ടർ
   ഐ ടി സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം